"ഭരണഭാഷ മാതൃഭാഷ"

ഭാരതീയ ചികിത്സാ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
ആരോഗ്യഭവൻ ,പി.ബി.നമ്പർ.182,
തിരുവനന്തപുരം-695 001
Fax/Ph:0471-2322620
Email-directorism@yahoo.com
തീയതി: 18-03-2023

## സർക്കുലർ

വിഷയം: ഭാരതീയ ചികിത്സാവകുപ്പ് - 2023 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം അപേക്ഷ ക്ഷണിക്കുന്നത് -സംബന്ധിച്ച്

സൂചന: സ.ഉ. ( പി ) നം .3 / 2017 / ഉഭപവ , തീയതി 25-02-2017 നടപടി സ്വീകരിക്കാവുന്നതാണ്

ഭാരതീയ ചികിത്സാവകുപ്പിന് കീഴിലെ CMO,SMO/MO, SPECIALIST SMO/MO, SENIOR SUPDT., JUNIOR SUPDT., SENIOR CLERK/CLERK, PHARMACIST GR.I/GR.II, NURSE GR.I/GR.II, SENIOR TYPIST/L.D TYPIST, DRIVER എന്നീ ജീവനക്കാരിൽ നിന്നും 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിനായുള്ള അപേക്ഷ ക്ഷണിക്കുന്നു. 28-02-2023 ന് 3 വർഷം സേവനം പൂർത്തിയാക്കിയവർക്ക് അപേക്ഷ നൽകാവുന്നതാണ്. സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം ഓൺലൈൻ മുഖേനയാണ് പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുസ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച സമയപരിധി ചുവടെ ചേർക്കുന്നു .

| | |
|---|---|
| ജീവനക്കാർ അപേക്ഷ സമർപ്പിക്കേണ്ടത് | 20-03-2023 മുതൽ 30-03-2023 വരെ |
| ഡി.ഡി.ഒ.മാർ ജില്ലാ അധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടത് | 31-03-2023 മുതൽ 05-04-2023 വരെ |
| ജില്ലാ അധികാരി ( ജില്ലാ മെഡിക്കൽ ഓഫീസർ ) സംസ്ഥാനതല അധികാരിയായ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത് | 10.04.2023 മുതൽ 13.04.2023 വരെ |
| കരട് സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിക്കുന്നത് | 20-04-2023-ന് |
| കരട് സ്ഥലംമാറ്റ പട്ടികയിൻ മേൽ ആക്ഷേപങ്ങൾ സ്വികരിക്കുന്ന അവസാന തീയതി. | 25-04-2023 വരെ |
| അന്തിമ ലിസ്റ്റ് പ്രസ്ദ്ധീകരിക്കുന്ന തീയതി. | 02-05-2023-ന് |

1. സർക്കാർ ഉത്തരവിലെ നിലവിലെ മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായി ഒരു ജില്ലയിലെ (റവന്യു ജില്ലാ ) 15 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള സർവീസ് ഒരേ സ്റ്റേഷനിലെ സർവീസായി കണക്കാക്കുന്നതാണ്

2 . ജീവനക്കാരുടെ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ള വിവരങ്ങളുടേയും, ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും പൊതുസ്ഥലംമാറ്റം നടത്തുന്നത്. ആയതിനാൽ സ്പാർക്കിലും അപേക്ഷാഫാറത്തിലും രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ കൃത്യമാണെന്ന് അപേക്ഷകരും അതാത് ഡ്രായിംഗ് & ഡിസ്ബേസിഗ് ഓഫീസർ(ഡി.ഡി.ഒ) മാരും ഉറപ്പുവരുത്തേണ്ടതാണ് .

3 . സ്പാർക്കിലെ വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്തിട്ടുള്ള ജീവനക്കാരെ മാത്രമേ ഓൺലൈൻ മുഖേനയുള്ള സ്ഥലം മാറ്റത്തിന് പരിഗണിക്കുകയുള്ളൂ. സ്പാർക്കിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്തിട്ടില്ലാത്ത ജീവനക്കാർക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുവാൻ സാധിക്കില്ല .

4 . പൊതുസ്ഥലംമാറ്റത്തിന് ഭാരതീയ ചികിത്സാവകുപ്പിന്റെ കീഴിലെ സേവനം മാത്രമേ പരിഗണിക്കുകയുള്ളൂ .

5. അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർ,അച്ചടക്കനടപടി നേരിടുന്നവർ, ആറ് മാസത്തിൽ കൂടുതൽ ശൂന്യവേതനാവധിയിൽ ഉള്ളവർ എന്നിവരെ പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കുകയില്ല.

6 . മൂന്ന് വർഷത്തെ ഔട്ട്സ്റ്റേഷൻ സർവ്വീസ് പൂർത്തിയാക്കിയവർക്ക് മാത്രമേ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളൂ. എന്നാൽ നിലവിലെ ഓപ്പൺ വേക്കൻസിയിലേയ്ക്ക് ഈ നിബന്ധന ബാധകമല്ല .

7. അനുകമ്പാർഹമായ കാരണങ്ങളാൽ അപേക്ഷ സമർപ്പിക്കാനുള്ളവർ അപേക്ഷ സമർപ്പിച്ച ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പിയോടൊപ്പം ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ കൂടി ഡി.ഡി.ഒ.യ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ അതാത് ഡി.ഡി.ഒ.മാർ ആയത്തിന്റെ ആധികാരിത ബോധ്യപെട്ട് അഭിപ്രായം രേഖപ്പെടുത്തി ഡി.എം.ഒ.യ്ക്കും, ഡി.എം.ഒ. സംസ്ഥാനതല അധികാരിയായ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്കും ഇ - മെയിൽ മുഖേന അയച്ചു തരേണ്ടതാണ് .ഹാർഡ്കോപ്പി സമർപ്പിച്ചിട്ടില്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

8. പ്രതേക മുൻഗണന /മറ്റുള്ളവർ (പ്രഥമഗണനീയമോ പരിരക്ഷിക്കപെട്ടവരോ ആയ എല്ലാ വിഭാഗങ്ങൾക്കും കൂടി മാറ്റി വെയ്ക്കപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണം അതാത് വിഭാഗത്തിൽ സ്ഥലം മാറ്റത്തിന് വേണ്ടിയുള്ള ഒഴിവുകളുടെ മൊത്തം സംഖ്യാബലത്തിന്റെ നിശ്ചയിക്കപെട്ട ശതമാനപ്രകാരം ആയിരിക്കും .

9. പ്രിഫറൻഷ്യൽ കാറ്റഗറി /അനുകമ്പാർഹമായ കാരണങ്ങൾ എന്നിവയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർ ഹർഡ്കോപ്പിയോടൊപ്പം ആയതുമായി ബന്ധപ്പെട്ട അധികാരി നൽകിയിട്ടുള്ള

സാക്ഷ്യപത്രത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

10. ഒന്നിൽ കൂടുതൽ പ്രിഫറഷ്യൽ കാറ്റഗറി ക്ലെയിം ചെയ്യുന്നവർ ക്ലെയിം ചെയ്യുന്ന ഓരോ കാറ്റഗറിയുടെയും സാക്ഷ്യപത്രത്തിന്റെ പകർപ്പുകൾ ഹാർഡ് കോപ്പിയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് . സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത ക്ലെയിമുകൾ അംഗീകരിക്കുന്നതല്ല . ഡി.ഡി.ഒ. ആവശ്യപ്പെടുന്നപക്ഷം ആയതുമായി ബന്ധപ്പെട്ട അസ്സൽ രേഖകൾ/സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് .

11.പൊതുസ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് കരട് പട്ടിക പ്രസിദ്ധീകരിക്കുന്നത് സ്റ്റേറ്റ് ലെവൽ ഓഫീസറായ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നാണ് . ആയതിനാൽ അപേക്ഷകർ സമർപ്പിച്ച അപേക്ഷകൾ നിശ്ചിത സമയപരിധിക്കകം ഡി.ഡി.ഒ. തലത്തിൽ നിന്നും ജില്ലാ തലത്തിൽ നിന്നും അടുത്ത അധികാരിക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് അപേക്ഷയുടെ സ്റ്റാറ്റസ് അപേക്ഷകർ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് .

12.പ്രമോഷൻ സ്വാമേധയാ വേണ്ടന്ന് വയ്ക്കുന്നവരെ സ്ഥലംമാറ്റ പരിധിയിൽ നിന്നും ഒഴിവാക്കുന്നതല്ല.

13.ഡെപ്യൂട്ടേഷൻ (ഫോറിൻ സർവീസ്) കാലയളവ് സ്ഥലംമാറ്റത്തിനായി പരിഗണിക്കപ്പെടുന്ന സർവ്വീസായി ഉൾപ്പെടുത്തുകയില്ല.

14. സ്ഥലംമാറ്റം ചെയ്യപ്പെടുന്നയാൾ നിർബന്ധമായും അനുവദനീയമായ സമയപരിധിക്കുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.ഇത് ലംഘിക്കുന്നവർക്ക് എതിരെ അച്ചടക്ക നടപടി ഉൾപ്പെടെ സ്വീകരിച്ച് തൊട്ടടുത്ത മേലധികാരിയെ അറിയിക്കേണ്ടതാണ്.

15.ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വയ്ക്കുക, വിഴ്ച്ചവരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധിൽ പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

16.കരട് സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിക്കുന്നതുവരെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് ബാധകമാണ് .

17.സ്പാർക്കിൽ ജീവനക്കാരുടെ സർവ്വീസ് ഹിസ്റ്ററി ശരിയായ രീതിയിൽ പൂർണ്ണമായുള്ള വിവരങ്ങൾ ചേർക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപന മേധാവിയുടെ ഉത്തരവാദിത്വമാണ്.ജീവനക്കാരുടെ ഡറ്റാബേസിൽ ഉണ്ടാകുന്ന അപാകതകാരണം ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിൽ നേരിടുന്ന അപാകതകൾക്ക് അതാത് ഡി ഡി ഓ മാർ മാത്രം ഉത്തരവാദികളായിരിക്കുന്നതാണ്. ആയവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

18. ഒരു സ്റ്റേഷനിൽ 3 വർഷം സർവീസ് പൂർത്തിയാക്കിയ ട്രാൻസ്ഫർ ആവശ്യമില്ലാത്ത പ്രിയോറിറ്റി കാറ്റഗറിയിൽ ഉൾപ്പെടുന്ന ജീവനക്കാർ ആയതിന്റെ സപ്പോർട്ടിംഗ് ഡോക്യുമെന്റ് ഓൺ ലൈൻ

ആയി സ്പാർക്കിൽ പ്രിയോറിറ്റി കാറ്റഗറി ഫോർ ട്രാൻസ്ഫർ എന്ന ഒപ്ഷനിൽ അപ് ലോഡ് ചെയ്യുകയും ഡി.ഡി.ഒ. ആയത് ഒറിജിനലുമായി ഒത്ത് നോക്കി വെരിഫൈ ചെയ്ത് അപ്രൂവ് ചെയ്യേണ്ടതുമാണ്. ടി ജീവനക്കാർ ഓൺ ലൈൻ ട്രാൻസ്ഫർ എന്ന ഓപ്ഷനിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

19.ഓൺലൈൻ മുഖേന ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്തതിനുശേഷം സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ കരട് സ്ഥലം മാറ്റ പട്ടിക ഭാരതീയ ചികിത്സാ വകുപ്പിന്റെ www.ism.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

20. ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് ഈ ഓഫിസിലെ ഐ റ്റി ഡിവിഷനുമായി ബന്ധപ്പെടാവുന്നതാണ്.

Signed by
Dr. K S Preeya
Date: 18-03-2023 18:37:02

ഡയറക്ടർ
ഭാരതീയ ചികിത്സാ വകുപ്പ്

പകർപ്പ്:-
1)എല്ലാ സ്ഥാപന മേധാവികൾക്കും, ഭാരതീയ ചികിത്സാ വകുപ്പ്.
2)സി എ റ്റു ഡയറക്ടർ.
3)ജോയിന്റ് ഡയറക്ടർ.
4)സിനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫിസർ.
5) അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ്.